✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1129

# സൂറ – 39 / അസ്സുമർ

**സൂക്തം: 07 – 09**

മൗലിക സത്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഒട്ടും ദുർഗ്രഹമായതല്ല. സങ്കീർണമായ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്താതെ തന്നെ സ്വന്തം ജീവിതത്തിൽനിന്നും ചുറ്റുപാടിൽനിന്നും നിർധാരണം ചെയ്യാവുന്നതാണ്. യാഥാർഥ്യങ്ങൾ എത്ര സുവ്യക്തമായിരുന്നാലും ഒരാൾ അതു സ്വീകരിക്കണമെങ്കിൽ അയാളുടെ ബുദ്ധിയും ശ്രദ്ധയും അതിനുനേരെ തിരിയേണ്ടതുണ്ട്.

إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ
وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ ثُمَّ إِلَىٰ
رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۚ إِنَّهُۥ عَلِيمٌۢ
بِذَاتِ ٱلصُّدُورِ ﴿٧﴾

7. നിങ്ങൾ യാഥാർഥ്യങ്ങൾ നിഷേധിക്കുകയാണെങ്കിൽ, അല്ലാഹു നിങ്ങളുടെ ആശ്രയം ആവശ്യമില്ലാത്തവനാകുന്നു. എന്നാൽ തന്റെ ദാസന്മാർക്കായി അവൻ സത്യനിഷേധം തൃപ്തിപ്പെടുന്നില്ല. നിങ്ങൾ നന്ദികാട്ടുന്നുവെങ്കിൽ അതാണവൻ തൃപ്തിപ്പെടുന്നത്. ഭാരം പേറുന്നവരാരും അന്യന്റെ ഭാരം പേറുന്നതല്ല. ഒടുവിൽ നിങ്ങളെല്ലാവരും വിധാതാവിങ്കലേക്കു മടങ്ങേണ്ടതുണ്ട്. നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ചൊക്കെയും അപ്പോൾ അവൻ പറഞ്ഞുതരും. ഹൃദയങ്ങളിലൊളിഞ്ഞിരിക്കുന്നത് പോലും അവൻ ഏറ്റം അറിയുന്നുവല്ലോ.

**7**

إِن تَكْفُرُوا = നിങ്ങൾ (യാഥാർഥ്യങ്ങൾ) നിഷേധിക്കുകയാണെങ്കിൽ
فَإِنَّ اللَّهَ غَنِيٌّ عَنكُمْ = നിങ്ങളെ കൂടാതെ ധന്യനാകുന്ന (നിങ്ങളുടെ ആശ്രയം ആവശ്യമില്ലാത്തവനാകുന്നു)
وَلَا يَرْضَىٰ لِعِبَادِهِ = എന്നാൽ തന്റെ ദാസന്മാർക്കായി അവൻ തൃപ്തിപ്പെടുന്നില്ല الْكُفْرَ = സത്യനിഷേധം
وَإِن تَشْكُرُوا = നിങ്ങൾ നന്ദി കാട്ടുന്നുവെങ്കിൽ يَرْضَهُ لَكُمْ = അതാണവൻ നിങ്ങൾക്കായി തൃപ്തിപ്പെടുന്നത്
وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ = ഭാരം പേറുന്നവൻ (ആരും) അന്യന്റെ ഭാരം പേറുന്നതല്ല
ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ = പിന്നെ നിങ്ങളുടെ വിധാതാവിങ്കലേക്കാകുന്നു നിങ്ങളുടെ മടക്കം (ഒടുവിൽ എല്ലാവരും വിധാതാവിങ്കലേക്കു മടങ്ങേണ്ടതുണ്ട്)
فَيُنَبِّئُكُم = അപ്പോൾ അവൻ പറഞ്ഞുതരും بِمَا كُنتُمْ تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് (ഒക്കെയും)
إِنَّهُ عَلِيمٌ بِذَاتِ الصُّدُورِ = അവൻ ഏറ്റം മാറിടങ്ങളിലുള്ളത് (ഹൃദയങ്ങളിലൊളിഞ്ഞിരിക്കുന്നതുപോലും) അറിയുന്ന(ുവല്ലോ)വനാകുന്നു

മുൻ സൂക്തങ്ങളിൽ അല്ലാഹുവിന്റെ ഏകത്വവും പ്രപഞ്ചത്തിന്മേലുള്ള പരമാധികാരവും അതിന്റെ അനിഷേധ്യമായ ദൃഷ്ടാന്തങ്ങളും വിശദീകരിച്ചത് നിങ്ങൾ - മനുഷ്യർ യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും അല്ലാഹുവിനെ ഏകദൈവമായി അംഗീകരിച്ച് വഴിപ്പെടുന്നതിനും വ്യാജ ദൈവങ്ങളുടെ അടിമത്തത്തിൽനിന്ന് മോചനം നേടുന്നതിനും വേണ്ടിയാണ്. നിങ്ങൾ ഈ യാഥാർഥ്യങ്ങൾ നിഷേധിക്കുകയാണെങ്കിൽ അതുകൊണ്ട് അല്ലാഹുവിന് ഒരു ദോഷവുമില്ല. നിങ്ങളുടെ അംഗീകാരത്തെയോ തിരസ്കാരത്തെയോ ആശ്രയിച്ചല്ല അവന്റെ ദിവ്യത്വം നിലനിൽക്കുന്നത്. അവൻ തന്നിൽതന്നെ എല്ലാം തികഞ്ഞവനാണ്. ആരുടെയെങ്കിലും നിഷേധം അവന്റെ ദിവ്യത്വത്തെ ക്ഷയിപ്പിക്കുകയോ ആരുടെയെങ്കിലും അംഗീകാരം അതിനെ പോഷിപ്പിക്കുകയോ ചെയ്യുന്നില്ല. ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഈ ആശയം നബി(സ) ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു: അല്ലാഹു പറയുന്നു: ''എന്റെ ദാസന്മാരേ, നിങ്ങളിലെ ആദിമനും അന്തിമനും മനുഷ്യനും ജിന്നുമെല്ലാം നിങ്ങളിലേറ്റം തെമ്മാടിയായ മനുഷ്യന്റെ മനസ്സുള്ളവനായാലും അത് എന്റെ ആധിപത്യത്തിന് ഒരു കുറവും വരുത്തുകയില്ല.''

എന്നാൽ തന്റെ അടിമകൾ തന്നെ ധിക്കരിച്ച് അസത്യവും അധർമവും ആചരിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. അവരുടെ നിഷേധം മൂലം അവന് എന്തെങ്കിലും നഷ്ടമുണ്ടാകുന്നതുകൊണ്ടല്ല ഈ അനിഷ്ടം. മറിച്ച് അത് അവർക്കുതന്നെ മഹാ നഷ്ടമുണ്ടാക്കുന്നതുകൊണ്ടാണ്. സൽക്കർമങ്ങൾക്കു സൽഫലവും ദുഷ്കർമങ്ങൾക്ക് ദുഷ്ഫലവുമുണ്ടാവുക എന്നത് പ്രപഞ്ചത്തിന് അവൻ നിശ്ചയിച്ച കർമവ്യവസ്ഥയുടെ ഭാഗമാണ്. മനുഷ്യർ തിന്മ ചെയ്ത് നിത്യ ദുരിതത്തിലകപ്പെടുന്നത് കരുണാമയനായ ദൈവം ഇഷ്ടപ്പെടുന്നില്ല. അടിമകൾ തനിക്കു വഴിപ്പെട്ട് സത്യധർമങ്ങൾ ആചരിച്ച് അതിന്റെ ഫലമായ നിത്യ സൗഭാഗ്യം-സ്വർഗം പ്രാപിക്കുന്നതാണ് അവന്നിഷ്ടം. അതിനുവേണ്ടിയാണ് അവൻ മനുഷ്യരെ സത്യധർമങ്ങളിലേക്കു നയിക്കുന്ന പ്രവാചകന്മാരെ അയച്ചതും, വേദങ്ങളിറക്കിയതും. മനുഷ്യർ അത് സ്വീകരിച്ച് സന്മാർഗികളാകുന്നതിലൂടെ നേട്ടമുണ്ടാകുന്നത് അല്ലാഹുവിനല്ല; അവർക്കുതന്നെയാണ്.

അല്ലാഹുവിന്റെ ഇഛ -مشيئة- യും തൃപ്തി-رضى-യും വ്യത്യസ്തമാണ്. അലംഘ്യമായ വിധിയാണ് مشيئة. തൃപ്തി رضى അലംഘനീയമായ വിധിയല്ല. അനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യത്തോടെ അവൻ അടിമകൾക്ക് കുറെ കൽപനകൾ നൽകിയിരിക്കുന്നു. മനുഷ്യൻ തന്റെ സ്വാതന്ത്ര്യം അല്ലാഹുവിനെ ധിക്കരിക്കാനുപയോഗിക്കുന്നത് അവനിഷ്ടമല്ല. മനുഷ്യന്റെ സ്വാതന്ത്ര്യം തന്നെ അനുസരിക്കുന്നതിൽ ഉപയോഗിക്കുന്നതാണവൻ ഇഷ്ടപ്പെടുന്നത്. ഈ സ്വാതന്ത്ര്യമാണ് കർമഫല വ്യവസ്ഥക്കടിസ്ഥാനം.

കുഫ്റിന്റെ വിപരീതമായി ഇവിടെ -شكر- നന്ദിയും കൂറും പ്രയോഗിച്ചിരിക്കുന്നു. കുഫ്റിന് നന്ദികേട് എന്നും അർഥമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെല്ലാം ആസ്വദിച്ചുകൊണ്ട് അവനെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നത് ഏറ്റം വലിയ നന്ദികേടാണല്ലോ. കുഫ്റിന്റെ പര്യായമായി ഈമാനിന്റെ സ്ഥാനത്ത് ശുക്റ് വന്നത് ഈമാനിന്റെ പര്യായം അല്ലെങ്കിൽ ഈമാനിന്റെ അനിവാര്യ താൽപര്യമാണ് ശുക്റ് എന്ന് സൂചിപ്പിക്കുന്നു. وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ നേരത്തെ 6:164, 17:15, 35:18 സൂക്തങ്ങളിൽ വന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. നിങ്ങൾ സത്യനിഷേധവും ധർമധിക്കാരവും പ്രവർത്തിക്കുന്നതിന്റെ കുറ്റഭാരം നിങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങളോ, വിളിച്ചു പ്രാർഥിക്കുന്ന മറ്റു പുണ്യാത്മാക്കളോ, ആൾദൈവങ്ങളോ, നിങ്ങളെ അതിലേക്കു നയിക്കുന്ന നേതാക്കളോ, പുരോഹിതന്മാരോ ഒന്നും ഏറ്റെടുക്കുകയില്ലെന്നും നിങ്ങളുടെ കർമങ്ങളുടെ പൂർണ ഉത്തരവാദി പരലോകത്ത് നിങ്ങൾ തന്നെയായിരിക്കും എന്നുമുണർത്തുകയാണ് ഈ വാക്യം. ഒടുവിൽ എല്ലാവരും അല്ലാഹുവിന്റെ സന്നിധിയിൽ തന്നെയാണെത്തിച്ചേരുക; മിഥ്യാദൈവങ്ങളുടെയോ പുണ്യാളന്മാരുടെയോ പുരോഹിതന്മാരുടെയോ സന്നിധിയിലല്ല. നിങ്ങൾ യഥാർഥത്തിൽ ചെയ്തുകൊണ്ടിരുന്നതെന്താണെന്നും, എന്തുദ്ദേശ്യത്തോടെയാണെന്നും അപ്പോൾ അവൻ നിങ്ങളോടു പറയും. നിങ്ങളുടെ ഹൃദയാന്തരാളങ്ങളിലുള്ളതുപോലും അവൻ വ്യക്തമായി അറിയുന്നുണ്ട്. ●

---

۞ وَإِذَا مَسَّ ٱلْإِنسَٰنَ ضُرٌّ دَعَا رَبَّهُۥ مُنِيبًا إِلَيْهِ ثُمَّ إِذَا خَوَّلَهُۥ نِعْمَةً مِّنْهُ نَسِىَ مَا كَانَ يَدْعُوٓا۟ إِلَيْهِ مِن قَبْلُ وَجَعَلَ لِلَّهِ أَندَادًا لِّيُضِلَّ عَن سَبِيلِهِۦ ۚ قُلْ تَمَتَّعْ بِكُفْرِكَ قَلِيلًا ۖ إِنَّكَ مِنْ أَصْحَٰبِ ٱلنَّارِ ﴿٨﴾

8. ഒരു ദുരിതം ബാധിക്കുമ്പോൾ മനുഷ്യൻ താഴ്മയോടെ വിധാതാവിങ്കലേക്കു മടങ്ങിക്കൊണ്ട് പ്രാർഥിക്കുന്നു: എന്നിട്ട് അവൻ അനുഗ്രഹം പ്രദാനം ചെയ്താലോ, നേരത്തെ താൻ അവനോടു പ്രാർഥിച്ചിരുന്നത് ആ മനുഷ്യൻ മറന്നുകളയുന്നു. അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുകയും ചെയ്യുന്നു; മറ്റുള്ളവരെ അവന്റെ മാർഗത്തിൽനിന്നു വ്യതിചലിപ്പിക്കാൻ. പ്രവാചകൻ പറയുക: നിന്റെ സത്യനിഷേധം കൊണ്ട് കുറച്ചു നാൾ സുഖിച്ചു വാണുകൊള്ളുക. പിന്നെ നീ നരകാവകാശി തന്നെയാകുന്നു.

**8**

وَإِذَا مَسَّ الْإِنسَانَ ضُرٌّ = മനുഷ്യനെ ഒരു ദുരിതം സ്പർശിച്ചാൽ (ബാധിക്കുമ്പോൾ മനുഷ്യൻ)

دَعَا رَبَّهُ = തന്റെ വിധാതാവിനോടു പ്രാർഥിക്കുന്നു

مُنِيبًا إِلَيْهِ = (താഴ്മയോടെ) അവനിലേക്കു മടങ്ങു(ങ്ങിക്കൊണ്ട്) ന്നവനായിട്ട്
ثُمَّ إِذَا خَوَّلَهُ نِعْمَةً مِّنْهُ = പിന്നെ (എന്നിട്ട്) അവനിൽനിന്ന് അനുഗ്രഹം പ്രദാനം ചെയ്താലോ
نَسِيَ مَا كَانَ يَدْعُو إِلَيْهِ مِن قَبْلُ = നേരത്തെ താൻ അവനോട് പ്രാർഥിച്ചിരുന്നത് അവൻ (ആ മനുഷ്യൻ) മറന്നു കള(യുന്നു)ഞ്ഞു
وَجَعَلَ لِلَّهِ أَندَادًا = അവൻ അല്ലാഹുവിനു സമന്മാരെ ഉണ്ടാക്കുകയും ചെയ്യുന്നു
لِّيُضِلَّ عَن سَبِيلِهِ = (മറ്റുള്ളവരെ) അവന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ قُلْ = നീ (പ്രവാചകൻ) പറയുക
تَمَتَّعْ بِكُفْرِكَ = നിന്റെ സത്യനിഷേധം കൊണ്ട് സുഖിച്ചു(വാണു) കൊള്ളുക قَلِيلًا = കുറച്ച് (കാലം)
إِنَّكَ = (പിന്നെ) തീർച്ചയായും നീ مِنْ أَصْحَابِ النَّارِ = നരകത്തിന്റെ സഖാക്കളിൽ പെട്ടവൻ (നരകാവകാശി) തന്നെയാകുന്നു

അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അവരിലൂടെ അവതരിപ്പിക്കുന്ന ധർമശാസനകളെയും നിഷേധിക്കുന്ന മനുഷ്യരുടെ ഹീനമായ നന്ദികേടിന്റെ അത്ഭുതകരമായ ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്; ഒരാപത്തണഞ്ഞാൽ അവൻ യഥാർഥ നാഥനിൽ അത്യന്തം വണക്കത്തോടെ സ്വയം സമർപ്പിച്ച് അവനോട് പ്രാർഥിക്കുന്നു. അപ്പോൾ അവന്റെ മനസ്സിൽ രക്ഷാശിക്ഷകൾക്കുടയവനായ സാക്ഷാൽ പ്രപഞ്ചനാഥനല്ലാതെ മറ്റൊരസ്തിത്വവുമുണ്ടായിരിക്കുകയില്ല. ഓരോരുത്തരും ശീലിച്ചു പോന്നതനുസരിച്ച് ഗുരുവായൂരപ്പാ, ഈശോയേ, മുഹ്‌യിദ്ദീൻ ശൈഖേ എന്നൊക്കെ വിളിച്ചെന്നിരിക്കും. എങ്കിലും മനസ്സിലുള്ളത് സർവലോക പാലകനായ ഏകദൈവം മാത്രമായിരിക്കും. മനുഷ്യ മനസ്സിൽ പ്രകൃത്യാ ഏകദൈവബോധം കുടികൊള്ളുന്നതാണതിനു കാരണം. ഈ അടിസ്ഥാന ബോധത്തെ ചുറ്റുപാടുകളിൽനിന്ന് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ചപ്പുചവറുകൾ വന്നു മൂടിയതായിരുന്നു. സന്ദിഗ്ധ ഘട്ടങ്ങളിൽ ഈ ചപ്പുചവറുകൾ വകഞ്ഞുമാറ്റി യഥാർഥ ദൈവബോധം ഉയർന്നുവരികയാണ്. ദൈവാനുഗ്രഹത്താൽ ആ വിപത്തു നീങ്ങിപ്പോയാലോ, വകഞ്ഞു മാറ്റിയ ചപ്പുചവറുകൾ പഴയപടി വീണ്ടും വന്നുമൂടുന്നു.

പിന്നെ അവൻ സ്വന്തം മഹത്വവും കേമത്തവും ഘോഷിക്കുകയായി. താൻ നേരത്തെ അല്ലാഹുവിനോട് താഴ്മയായി പ്രാർഥിച്ച കാര്യം തന്നെ മറന്നു കളയുന്നു. അല്ലാഹുവിന് ചില സമന്മാരുണ്ടെന്നും തന്റെ രക്ഷയുടെ പേരിലുള്ള നന്ദിയും കൂറും അർഹിക്കുന്നതവരാണെന്നും പ്രചരിപ്പിക്കുന്നു. ചിലർ പറയും കൊടുങ്ങല്ലൂരമ്മ രക്ഷിച്ചു. ചിലർ പറയും വേളാങ്കണ്ണി മാതാവ് രക്ഷിച്ചു. ചിലർ പറയും ബദ്‌രീങ്ങൾ രക്ഷിച്ചു. സ്വയം പിഴച്ചതിനു പുറമെ മറ്റുള്ളവരെക്കൂടി യഥാർഥ ദൈവത്തിന്റെ മാർഗത്തിൽ പിഴപ്പിക്കുന്നതിനു വേണ്ടിയാണിത്. കുഫ്‌റിന്റെയും ശിർക്കിന്റെയും നായകന്മാരുടെ സ്വഭാവമാണിവിടെ പരാമർശിക്കുന്നതെന്നും വ്യാഖ്യാനമുണ്ട്.

സൂക്തത്തിന്റെ ആദ്യഭാഗം മനുഷ്യ വർഗത്തെ പൊതുവായി സംബോധന ചെയ്തുകൊണ്ടുള്ളതാണ്. മുന്നിലുള്ള ഖുറൈശി മുശ്‌രിക്കുകളെ ഓരോരുത്തരെയും അവരുടെ നിലപാടിനെകുറിച്ചാലോചിക്കാൻ പ്രേരിപ്പിക്കുന്നതിന് പ്രവാചകനോടാവശ്യപ്പെട്ടതാണ് قُلْ എന്നു തുടങ്ങുന്ന അവസാനഭാഗം. സ്വന്തം കുഫ്‌റിന്റെയും ശിർക്കിന്റെയും ആനുകൂല്യങ്ങളനുഭവിച്ച് കുറച്ചുകാലം ഈ ഭൗതിക ലോകത്തു സുഖിച്ചു വാണുകൊള്ളുക. അതു കഴിഞ്ഞാൽ നിങ്ങൾ എത്തിച്ചേരുന്നത് വേദനകളും യാതനകളും നിറഞ്ഞ നരകത്തിലായിരിക്കും. ആപത് സന്ധികളിൽ ഉള്ള പ്രാർഥനയെയും അതുകഴിഞ്ഞാലുള്ള കുഫ്‌റിനെയും ഇതിനുമുമ്പ് 16:53-55, 17:67, 23:75, 30:33 സൂക്തങ്ങളും ചർച്ച ചെയ്തിരിക്കുന്നു. ഈ സൂറയിലെ 49-ാം സൂക്തം ഇനിയും ഇതെപ്പറ്റി പറയുന്നുണ്ട്. ●

---

أَمَّنْ هُوَ قَانِتٌ ءَانَآءَ ٱلَّيْلِ سَاجِدًا وَقَآئِمًا يَحْذَرُ ٱلْأٓخِرَةَ وَيَرْجُوا۟ رَحْمَةَ رَبِّهِۦ ۗ قُلْ هَلْ يَسْتَوِى ٱلَّذِينَ يَعْلَمُونَ وَٱلَّذِينَ لَا يَعْلَمُونَ ۗ إِنَّمَا يَتَذَكَّرُ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٩﴾

9. മുൻചൊന്ന, സത്യനിഷേധത്തിൽ രമിക്കുന്ന നരകാവകാശിയാണോ അതല്ല നിശാവേളകളിൽ പ്രണാമം ചെയ്തും നിന്ന് ഖുർആൻ പാരായണം ചെയ്തും അല്ലാഹുവിനെ വണങ്ങിക്കൊണ്ടിരിക്കുന്നവനാണോ ശ്രേഷ്ഠൻ. അവനോ പരലോകത്തെ ഭയപ്പെടുകയും തന്റെ നാഥന്റെ കാരുണ്യം കൊതിക്കുകയും ചെയ്യുന്നു. അവരോടു ചോദിച്ചു നോക്കുക: ജ്ഞാനമുള്ളവരും ജ്ഞാനമില്ലാത്തവരും തുല്യരാകുമോ? പക്ഷെ, സദ്ബുദ്ധിയുള്ളവരേ ഉദ്ബോധനം ഉൾക്കൊള്ളുകയുള്ളൂ.

**9**

أَمَّنْ هُوَ قَانِتٌ = (മുൻചൊന്ന, സത്യനിഷേധത്തിൽ രമിക്കുന്ന നരകാവകാശിയാണോ) അതല്ല (അല്ലാഹുവിനെ) വണങ്ങു(ങ്ങിക്കൊണ്ടിരിക്കു)ന്നവനാണോ ശ്രേഷ്ഠൻ

آنَاءَ اللَّيْلِ = നിശാവേളകളിൽ سَاجِدًا = (ചെയ്തും) പ്രണാമം ചെയ്യുന്നവനായിട്ട്
وَقَائِمًا = (നിന്ന് ഖുർആൻ പാരായണം ചെയ്തും) നിൽക്കുന്നവനായിട്ടും يَحْذَرُ = (ടുകയും) ഭയപ്പെടുന്നു അവൻ(നോ)
الْآخِرَةَ = പരലോകത്തെ وَيَرْجُو = പ്രതീക്ഷിക്കു(കൊതിക്കു)കയും ചെയ്യുന്നു رَحْمَةَ رَبِّهِۗ = തന്റെ നാഥന്റെ കാരുണ്യത്തെ
قُلْ = നീ പറയുക (അവരോടും ചോദിച്ചുനോക്കുക) هَلْ يَسْتَوِي = (തുല്യരാകുമോ) സമമാകുമോ
الَّذِينَ يَعْلَمُونَ = ജ്ഞാനമുള്ളവരും وَالَّذِينَ لَا يَعْلَمُونَۗ = ജ്ഞാനമില്ലാത്തവരും
إِنَّمَا يَتَذَكَّرُ = (പക്ഷെ) ഓർക്കുക (ഉൽബോധനം ഉൽക്കൊള്ളുക)യുള്ളൂ أُولُو الْأَلْبَابِ = സദ്ബുദ്ധിയുള്ളവർ(രേ)

أَمْ-ലെ 'മ' (ميم) യെ من-ലെ 'മ' യിൽ ലയിപ്പിച്ച (ادغام) രൂപമാണ് أَمَّنْ . ام ചോദ്യ ശബ്ദമായി ഉപയോഗിക്കുക ആദ്യം ഒരു കാര്യം ഉന്നയിച്ചിട്ട് അതല്ലെങ്കിൽ ഇനി പറയുന്നതാണോ എന്നന്വേഷിക്കുമ്പോഴാണ്. ഈ സൂക്തത്തിൽ ام-ന് മുമ്പ് ഉന്നയിക്കുന്ന കാര്യം അനുക്തമാകുന്നു. സന്ദർഭത്തിൽനിന്ന് സ്വയം വ്യക്തമാകുന്ന കാര്യമാണ് ഇങ്ങനെ അനുക്തമാക്കുക. സൂക്തത്തിന്റെ താൽപര്യമിതാണ്; മുൻ സൂക്തം പരാമർശിച്ച, ആപത്തണയുമ്പോൾ ഏകനായ അല്ലാഹുവിനെ താണുകേണ് പ്രാർഥിക്കുകയും ആപത്തകലുമ്പോൾ അതെല്ലാം മറന്ന് പഴയപടി അന്ധവിശ്വാസങ്ങളിലേക്ക് മടങ്ങുകയും ചെയ്യുന്ന, പരലോക ഭയമില്ലാതെ സത്യനിഷേധത്തിൽ വിഹരിക്കുന്നവരാണോ അതല്ല, രാത്രികാലങ്ങളിൽ പ്രണാമത്തിൽ വീണുകൊണ്ടും നിന്നുകൊണ്ടും അതിയായ വണക്കത്തോടെ പ്രാർഥിക്കുന്നവരും പരലോക ഭയമുള്ളവരും വിധാതാവിന്റെ കാരുണ്യം കൊതിക്കുന്നവരുമാണോ സന്മാർഗികളും സുകൃതരുമാവുക? അങ്ങനെയാണെങ്കിൽ ജ്ഞാനികളും അജ്ഞാനികളും അഥവാ സത്യധർമങ്ങളറിയുകയും പാലിക്കുകയും ചെയ്യുന്നവരും അതൊന്നും അറിയാതെ അസത്യങ്ങളിലും അധർമങ്ങളിലും കൂത്താടുകയും ചെയ്യുന്നവരും തുല്യരാണെന്നാണല്ലോ അതിനർഥം. സാമാന്യ ബുദ്ധി സമ്മതിക്കുന്നതാണോ ഈ നിലപാട്? അല്ലെന്നുറപ്പാണ്. പക്ഷെ, അവിദ്യയിൽ അഭിരമിക്കുന്നവർക്കു എത്ര പറഞ്ഞുകൊടുത്താലും അതു മനസ്സിലാവുകയില്ല. മരണാനന്ത മോക്ഷത്തിനധിഷ്ഠാനം സത്യവിശ്വാസവും സൽകർമവുമാണെന്നല്ല അവർ വിശ്വസിക്കുന്നത്. പ്രത്യുത തങ്ങളാരാധിക്കുന്ന കൃത്രിമ ദൈവങ്ങളുടെ പ്രീതിയും പരമേശ്വരനോട് ശിപാർശ ചെയ്ത് തങ്ങളുടെ മരണാനന്തര ഗതി ഭാസുരമാക്കിത്തരാനുള്ള അവരുടെ കഴിവുമാണെന്നത്രെ. പ്രവാചക സന്ദേശം കേട്ടാലും സദ്ബുദ്ധിയുള്ളവർ മാത്രമേ ഈ അന്ധവിശ്വാസത്തിലടങ്ങിയ ദൈവധിക്കാരത്തെയും ധർമനിഷേധത്തെയും കുറിച്ചു ബോധവാന്മാരാവുകയുള്ളൂ.

സദാ അല്ലാഹുവിനോടുള്ള അദമ്യമായ ഭക്തിയും വണക്കവും തിങ്ങിയ മാനസികാവസ്ഥയാണ് قنوت. അതിന്റെ പ്രകടരൂപമായ നമസ്കാരത്തെയാണ് സുജൂദും നിറുത്തവും കുറിക്കുന്നത്. ഏറ്റം വണക്കത്തോടെയുള്ള പ്രാർഥനയാണ് സുജൂദ് - സാഷ്ടാംഗ പ്രണാമം. ഇതിൽ ദൈവദാസൻ ആത്മാർഥമായി അല്ലാഹുവിനെ വാഴ്ത്തുകയും തന്റെ ആവലാതികൾ അവന്റെ മുന്നിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഇവിടെ പരാമർശിച്ച നിൽപ് വെറുതെ നിൽക്കലല്ല, ഖുർആൻ പാരായണം ചെയ്തുകൊണ്ടും പ്രാർഥിച്ചുകൊണ്ടുമുള്ള നമസ്കാര നിൽപാണ്.

آنَاءَ اللَّيْلِ രാത്രി നേരങ്ങൾ എന്ന് ബഹുവചനത്തിൽ പറഞ്ഞത് രാത്രി ഏറെ നേരം ഉദ്ദേശിച്ചാണ്. 73: 2-4-ൽ രാത്രി കുറച്ച്, പകുതി അല്ലെങ്കിൽ പകുതിയിൽ അൽപം കുറച്ചോ, കൂടുതലോ നേരം സാവകാശം ഖുർആൻ പാരായണം ചെയ്തുകൊണ്ട് എഴുന്നേറ്റ് നിന്നു നമസ്കരിക്കാൻ പ്രവാചകനോടു നിർദേശിക്കുന്നുണ്ട്. വളരെ പുണ്യമേറിയ ഇബാദത്താണ് രാത്രി നമസ്കാരം. അതിനു പല സവിശേഷതകളുമുണ്ട്. സ്ഥിരവും നിഷ്കളങ്കവുമായ ദൈവഭക്തിയാൽ -قنوت- പ്രചോദിതനായിട്ടാണ് ഒരാൾ ലോകം സുഷുപ്തിയിലാണ്ട സമയത്ത് എഴുന്നേറ്റ് നമസ്കാരത്തിലേർപ്പെടുന്നത്. അതിൽ നാട്യത്തിന്റെയോ, ലോക മാന്യത്തിന്റെയോ അംശമില്ല. അടിമ ഉടമയുമായി നടത്തുന്ന രഹസ്യ ഭാഷണമാണത്. അടിമയുടെ ശ്രദ്ധ മറ്റൊന്നിലും പതിയാത്ത സന്ദർഭം. അപ്പോൾ മനസ്സിനോടൊപ്പം കണ്ണും കാതും കൈകാലുകളുമെല്ലാം അല്ലാഹുവുമായി ബന്ധിക്കുന്നു. ആത്മശോധനക്ക് ഇതിലും മികച്ച മറ്റൊരുപാധിയില്ല. അടിമ പൂർണമായി ദൈവവിചാരത്തിൽ ലയിക്കുന്ന സന്ദർഭമാണത്. ഇതേപ്പറ്റി ഒരു ഭക്ത കവി പാടുകയുണ്ടായി:

خَلَوْتُ إِلَى رَبِّي فَهِمْتُ بِقُرْبِه وَصِرْتُ خَفِيفَ النَّفْسِ كَأَنِّي بِلَا جِسْمِ
تَلَوْتُ كِتَابَ اللهِ فَيَا نِعمَ مَا عُوِّضْتُ مِنْ نِعْمَةِ النَّوْمِ
تَمَنَّيْتُ لَيلِى أَنْ يَطُولَ لِأَنْتَهى إِلَى السِّينِ مِنْ والنَّاسِ مَوْصُولَةَ بِاسِمِ

"ഞാനെന്റെ നാഥന്റെ കൂടെ തനിച്ചായി. അവന്റെ സാന്നിധ്യമറിഞ്ഞു. ശരീര ശൂന്യമെന്നോണം ഞാനൊരു സുതാര്യ ജീവിയായിത്തീർന്നു. ഞാൻ ദൈവിക വേദമോതി. നിദ്രാസുഖത്തിനു പകരം എനിക്കുകിട്ടിയത് ഹാ എത്ര വിശിഷ്ടമായ അനുഗ്രഹം എന്റെ രാവ് നീണ്ടുപോയെങ്കിൽ എന്നു ഞാൻ കൊതിച്ചു; ബിസ്മിയിൽ ചേർക്കപ്പെട്ടുകൊണ്ട് സൂറത്തുന്നാസിലെ അവസാന സീൻ വരെ ഖുർആൻ ഓതിത്തീരാൻ."

നിശാവേളകളിൽ ഉറക്കമുപേക്ഷിച്ച് നമസ്കാരത്തിലേർപ്പെടുന്നത് ഒരു ആത്മശുദ്ധീകരണ യത്നമാണ്. ഖുർആൻ അതിന്റെ അർഥമുൾക്കൊണ്ട് ഏറ്റം ഭക്തി നിർഭരമായി ഓതാൻ പറ്റിയ സമയവും അതുതന്നെ. 73:6 സൂക്തം പറയുന്നു: إِنَّ نَاشِئَةَ اللَّيْلِ هِيَ أَشَدُّ وَطْئًا وَأَقْوَمُ قِيلًا(തീർച്ചയായും രാത്രികാലത്തുണർന്നെഴുന്നേറ്റ് നമസ്കരിക്കുന്നത് ചുവടുറപ്പിക്കുന്നതിനും ഏറ്റം ശരിയായി ഖുർആൻ പാരായണം ചെയ്യുന്നതിനും ഉചിതമായ സമയമാകുന്നു). 17:79-ൽ പ്രവാചകന് നിശാനമസ്കാരം നിർദേശിച്ചുകൊണ്ട് പറയുന്നു:

## ഖുർആൻ ബോധനം 1129

وَمِنَ اللَّيْلِ فَتَهَجَّدْ بِهِ نَافِلَةً لَّكَ عَسَىٰ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا

(രാത്രി കാലത്ത് ഉറക്കമിളച്ച് ഖുർആൻ പാരായണം ചെയ്തുകൊണ്ട് നമസ്കരിക്കുക. നിനക്ക് അധികമായി ഉപദേശിക്കുന്ന പുണ്യകർമമാണിത്. നാഥൻ നിന്നെ ഉന്നത സ്ഥാനത്തേക്കുയർത്താറായിരിക്കുന്നു). പ്രവാചക ശിഷ്യന്മാരിൽ പലരും പതിവായി തഹജ്ജുദ് നമസ്കരിക്കുന്നവരായിരുന്നു. അക്കൂട്ടത്തിൽ ഉസ്മാൻ ബിൻ അഫ്ഫാൻ, അമ്മാർ ബിൻ യാസിർ, ഇബ്നു മസ്ഊദ്, സാലിം മൗലാ അബീഹുദൈഫ തുടങ്ങിയ പേരുകൾ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അവരെക്കുറിച്ചാണീ സൂക്തം അവതരിച്ചതെന്നു പറയുന്നവരുമുണ്ട്.

നിശാനമസ്കാരത്തിന് വിശ്വാസിയെ പ്രചോദിപ്പിക്കുന്ന ആന്തരിക വികാരങ്ങളാണ് يَحْذَرُ الْآخِرَةَ وَيَرْجُو رَحْمَةَ رَبِّهِ ۗ എന്ന വാക്യം പ്രകാശിപ്പിക്കുന്നത്. ഒരുവശത്ത് അല്ലാഹുവിന്റെ അപ്രീതിയിലുള്ള ഭയവും മറുവശത്ത് അവന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷയും. ഈ രണ്ടു വികാരങ്ങളും തുല്യമായിരിക്കുമ്പോഴാണ് അല്ലാഹുവുമായുള്ള അടിമയുടെ ബന്ധം ആരോഗ്യകരമാകുന്നത്. ഒന്ന് ഒന്നിനെ കവച്ചുവെക്കുമ്പോൾ സന്തുലിതത്വം നഷ്ടമാകുന്നു. ദൈവകാരുണ്യത്തിലുള്ള പ്രതീക്ഷ അധികമായാൽ അവന്റെ നീതിനിഷ്ഠ അവഗണിക്കപ്പെടും. ധർമരാഹിത്യത്തിലേക്കും അരാജകത്വത്തിലേക്കുമാണത് നയിക്കുക. ഭയം അധികമായാൽ പരാജയ ബോധത്തിലും നൈരാശ്യത്തിലും ചെന്നുവീഴും. ദൈവാനുഗ്രഹത്തിലുള്ള പ്രതീക്ഷയും ദൈവശിക്ഷയിലുള്ള ഭയവും പരിമിതമായേ പാടുള്ളൂ എന്നല്ല ഇപ്പറഞ്ഞതിനർഥം. വാസ്തവത്തിൽ രണ്ടിനും അതിരില്ല. ദൈവദാസനിൽ രണ്ടും അത്യധികം ഉണ്ടായിരിക്കണം. പക്ഷെ രണ്ടിനുമിടയിൽ സന്തുലിതത്വം വേണം എന്നാണ് പറഞ്ഞത്. അതായത്, എത്രത്തോളം അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുന്നുവോ അത്രത്തോളം തന്നെ അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയും ഉണ്ടായിരിക്കണം.

قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لَا يَعْلَمُونَ ۗ എന്ന വാക്യം സൂചിപ്പിക്കുന്ന ജ്ഞാനമുള്ളവർ സൂക്താരംഭത്തിൽ പരാമർശിച്ച അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നവരും ജ്ഞാനമില്ലാത്തവർ മുൻസൂക്തം പരാമർശിച്ച കുഫ്റിൽ അഭിരമിക്കുന്നവരുമാണെന്ന് സന്ദർഭത്തിൽ നിന്ന് വ്യക്തമാകുന്നു. സൂക്താരംഭത്തിൽ പറഞ്ഞ ഗുണങ്ങൾ ഇല്ലാത്തവർ ഖുർആനിന്റെ ദൃഷ്ടിയിൽ അജ്ഞാനികളാകുന്നു. ഭൗതികമായി അവർ ധിഷണാശാലികളായ മഹാപണ്ഡിതന്മാരോ പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാരോ ഒക്കെ ആകാം. പക്ഷെ, മനുഷ്യജീവിതത്തെ മാർഗദർശനം ചെയ്യുന്ന മൗലികജ്ഞാനം താനുൾക്കൊള്ളുന്ന ഈ ലോകം എവിടുന്നു വന്നു, എങ്ങോട്ടു പോകുന്നു, ആരുണ്ടാക്കി, അതുണ്ടാക്കിയവനും താനും തമ്മിലുള്ള ബന്ധമെന്ത് എന്നു തുടങ്ങിയ അടിസ്ഥാന സത്യങ്ങളറിയലാണ്. ആ ജ്ഞാനമാണ് മനുഷ്യന്റെ ജീവിത ലക്ഷ്യവും മാർഗവും മനസ്സിലാക്കാനുള്ള താക്കോൽ. ആ താക്കോൽ കൈയിലില്ലാത്തവർ സൂര്യനിലും ചന്ദ്രനിലും ചേക്കേറിയാലും ജീവിതത്തിന്റെ ലക്ഷ്യവും മാർഗവും പരിണതിയും അറിയാത്തവരാകുന്നു.

മൗലിക സത്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഒട്ടും ദുർഗ്രഹമായതല്ല. സങ്കീർണമായ ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്താതെ തന്നെ സ്വന്തം ജീവിതത്തിൽനിന്നും ചുറ്റുപാടിൽനിന്നും നിർധാരണം ചെയ്യാവുന്നതാണ്. യാഥാർഥ്യങ്ങൾ എത്ര സുവ്യക്തമായിരുന്നാലും ഒരാൾ അതു സ്വീകരിക്കണമെങ്കിൽ അയാളുടെ ബുദ്ധിയും ശ്രദ്ധയും അതിനുനേരെ തിരിയേണ്ടതുണ്ട്. മുൻവിധികൾകൊണ്ട് വക്രിച്ച ബുദ്ധി എത്ര മികച്ചതായാലും അതിനെ വളച്ച ദിശയിൽ മാത്രമേ സഞ്ചരിക്കൂ. പ്രവാചകന്മാരും വേദങ്ങളും ശ്രമിക്കുന്നത് മനുഷ്യന്റെ പ്രകൃതിയിൽ നിലീനമായ സത്യങ്ങളെ ബോധമണ്ഡലത്തിലേക്കുണർത്താനാണ്. അതുകൊണ്ടാണ് ഖുർആൻ അതിനെ تذكّر - ذكر - تذكير ഓർമ, ഓർമിപ്പിക്കൽ എന്ന് വിശേഷിപ്പിക്കുന്നത്. തന്നിൽ തന്നെയുള്ള സത്യങ്ങൾ ഓർക്കാൻ അതിബുദ്ധി വേണമെന്നില്ല. അതിബുദ്ധിയായാലും സാമാന്യ ബുദ്ധിയായാലും സദ് ബുദ്ധിയാണെങ്കിലേ മൗലിക സത്യങ്ങളിലേക്കുണരൂ. إِنَّمَا يَتَذَكَّرُ أُولُو الْأَلْبَابِ ഖുറൈശികൾ തന്റെ സന്ദേശം തള്ളിക്കളയുന്നതിൽ കുണ്ഠിതപ്പെടുന്ന പ്രവാചകനുള്ള സാന്ത്വനം കൂടിയാണീ വാക്യം. ●


നൂറ്റാണ്ട് തികയുന്ന
**മലബാർ സമരത്തെ**
ആഴത്തിലും പരപ്പിലും
വിശകലനം ചെയ്യുന്ന രണ്ട്
പുസ്തകങ്ങൾ ഉടൻ
പുറത്തിറങ്ങുന്നു
●




**ആംഗ്ലോ മാപ്പിള യുദ്ധം**
എ.കെ. കോടൂർ




**മലബാർ വിപ്ലവം**
ചരിത്രം കാണാതെപോയ
ജീവിതങ്ങൾ ഖബറുകൾ
സമീൽ ഇല്ലിക്കൽ

**IPH BOOKS**
WP NO: 9544299877 iphbooks.com
I.P.H. Kozhikode - 0495-2720072, 2724618
I.P.H. Palakkad -0491- 2528010, 9744754390
I.P.H. Thiruvananthapuram - 0471-2337355
I.P.H. Eranakulam -0484-2369784
I.P.H. Kannur -0497-2701001
I.P.H. Malappuram -0483-2735445
I.P.H. Thrissur -0487-2427356
Pratheeksha Books, Kozhikode- 0495-2720092